# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2396 — 18.02.2016 ൽ മറുപടിയ്ക്ക്

### ആയുർവ്വേദ ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. എ.കെ.ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | നീണ്ട അവധിയെടുക്കുന്ന ആയുർവ്വേദ ഡോക്ടർമാർക്ക് പകരം തൊട്ടടുത്ത ഡിസ്പെൻസറികളിലെ ഡോക്ടർമാർക്ക് അധികച്ചുമതല നല്കുന്നത് കാരണം ആശുപത്രികളുടെ പ്രവർത്തനം താളംതെറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഡോക്ടർമാർ ദീർഘകാലം അവധി എടുക്കുന്നതുമൂലമുള്ള ഒഴിവുകൾ യഥാസമയം കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കാറുണ്ട്. അഡ്വൈസ് ലഭിക്കുന്നതുവരെയുള്ള കാലയളവിലേക്ക് മാത്രമാണ് തൊട്ടടുത്ത സ്ഥാപനങ്ങളിലെ ഡോക്ടർമാർക്ക് അധിക ചുമതല നല്കി വരുന്നത്. ഇതു മൂലം ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റുന്ന അവസ്ഥ വരുന്നില്ല. |
| (ബി) | വളരെ ദൂരം സഞ്ചരിച്ച് രണ്ടോ മൂന്നോ സ്ഥാപനങ്ങളിൽ ജോലി നോക്കേണ്ടി വരുന്നതിനാൽ , ഡോക്ടർമാർക്കും രോഗികൾക്കും ഉണ്ടാകുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഒരു സമയം ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളുടെ അധിക ചുമതല ഡോക്ടർമാർക്ക് നല്കാറില്ല. പരമാവധി സമീപ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ഡോക്ടർമാർക്കാണ് അധിക ചുമതല നല്കി വരുന്നത്. ടി സാഹചര്യത്തിൽ ഡോക്ടർമാർക്കും രോഗികൾക്കും അസൗകര്യം ഉണ്ടാകുന്നുണ്ട്. |
| (സി) | ഉണ്ടെങ്കിൽ മറ്റ് വകുപ്പുകളിൽ ചെയ്യുന്നതുപോലെ ആയുർവ്വേദ സ്ഥാപനങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ പകരക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ദിവസവേതനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ